പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4850 — 18/12/2014 -ൽ മറുപടിക്ക്

**കുടുംബാംഗങ്ങൾ തമ്മിലുള്ള ഭൂമി കൈമാറ്റത്തിന് നികുതി പരിധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ.എ. ഖാദർ | | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| എ) | സംസ്ഥാനത്ത് കുടുംബാംഗങ്ങൾ തമ്മിലുള്ള ഭൂമി കൈമാറ്റത്തിന് നികുതി പരിധി എടുത്തു കളഞ്ഞതു വഴി സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ വൻതുക നൽകേണ്ടി വരുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | ഇത് കുടുംബാംഗങ്ങൾ തമ്മിലുള്ള ഭൂമി കൈമാറ്റം വൈകുന്നതിനിടയാക്കുമെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) | ഉണ്ട്. |
| സി) | കുടുംബാംഗങ്ങൾ തമ്മിലുള്ള ഭൂമി കൈമാറ്റത്തിൽ സാമ്പത്തിക ക്രയവിക്രയം ഉണ്ടാകാത്ത സാഹചര്യത്തിൽ ഈടാക്കാവുന്ന സ്റ്റാമ്പ് ഡ്യൂട്ടിയ്ക്കും രജിസ്ട്രേഷൻ ഫീസിനും പരമാവധി പരിധി നിശ്ചയിച്ചിരുന്ന രീതി പുനഃസ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ ? | സി) | സ്റ്റാമ്പ് ഡ്യൂട്ടി സംബന്ധിച്ച ആവശ്യം സർക്കാർ പരിഗണിക്കുകയും ഉപധനാഭ്യർത്ഥനയുടെ ചർച്ചയിൽ ഇളവ് പുനഃസ്ഥാപിച്ചുകൊണ്ടുള്ള ഭേദഗതി നിയമസഭ പാസ്സാക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.